**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1941** **09-12-2022 - ൽ മറുപടിയ്ക്ക്**

**യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട 750 കോടി രൂപ നഷ്ടമായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ; | (എ) | സർവ്വകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്ക് 7-ാം കേന്ദ്ര ശമ്പള കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് 01-01-2016 മുതൽ 31-03-2019 വരെയുള്ള കാലയളവിലേക്ക് ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ചെലവിന്റെ 50% തുക വിവിധ വ്യവസ്ഥകൾക്ക് വിധേയമായി റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. യു.ജി.സി റെഗുലേഷനുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടെ ഒരു composite scheme ആയി ശമ്പളപരിഷ്കരണം നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.<br><br>പരിഷ്കരിച്ച ശമ്പളം വിതരണം നടത്തിയതു സംബന്ധിച്ച രേഖകളും, സർവ്വകലാശാലകളും കോളേജുകളും കേന്ദ്ര സർക്കാർ, യു.ജി.സി എന്നിവരുടെ പദ്ധതി പ്രകാരമുള്ള ഭേദഗതികൾ തങ്ങളുടെ സ്റ്റാറ്റ്യൂട്ടുകളിലും ചട്ടങ്ങളിലും വരുത്തിയത് സംബന്ധിച്ച രേഖകളും കേന്ദ്ര സർക്കാരിനും യു.ജി.സി ക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.<br><br>29-06-2019 ലെ GO(P) No. 18/2019/HEdn, 29-09-2019 ലെ G.O (P)No. 28/2019/HEdn, 28-05-2020 ലെ GO(P) No. 18/2020/HEdn എന്നീ ഉത്തരവുകൾ പ്രകാരം അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണവും 2018 ലെ യു.ജി.സി റെഗുലേഷനും സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായി.<br><br>കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിനായി 04-04-2019, 16-06-2020, 05- |

| | | | |
|---|---|---|---|
| | | | 03-2022 എന്നീ തീയതികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കേന്ദ്ര സർക്കാരിന് പ്രൊപ്പോസലുകൾ അയക്കുകയുണ്ടായി. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ 21-03-2022 ൽ 50% തുക റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായി 750.93 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. തുടർന്ന് 27/04/2022 ന് ഓർമ്മക്കുറിപ്പും നൽകുകയുണ്ടായി.<br><br>കൂടാതെ ധനകാര്യ വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് മന്ത്രിയും വിവിധ ഘട്ടങ്ങളിൽ ഇക്കാര്യത്തിൽ ധന സഹായത്തിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു.<br><br>എന്നാൽ മിക്ക സംസ്ഥാന സർക്കാരുകളും സമർപ്പിച്ച പ്രൊപ്പോസലുകൾ കേന്ദ്ര പദ്ധതി നിർദ്ദേശിക്കുന്ന പ്രകാരം പൂർണ്ണമായതോ കൃത്യമായതോ അല്ലെന്നും ആയതിനാൽ കേന്ദ്ര വിഹിതം റീംഇംബേഴ്സ് ചെയ്യാനാവില്ലെന്നും പ്രൊപ്പോസലുകൾ സമർപ്പിക്കാനുള്ള ദീർഘിപ്പിച്ച തീയതി 31.03.2022 ൽ കഴിഞ്ഞതായും അതിനു ശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും ടി പദ്ധതി 01.04.2022 മുതൽ നിർത്തലാക്കിയതായും 27/07/2022 ലെ കത്ത് പ്രകാരം പൊതുവായി കേരളം ഉൾപ്പെടെ 22സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. കേരളത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കാതിരുന്നതിന് പ്രത്യേകമായ കാരണങ്ങളൊന്നും പ്രസ്തുത കത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായില്ല.<br><br>തുടർന്ന് കേരളത്തിന്റെ പ്രൊപ്പോസലുകൾ പരിഗണിക്കണമെന്നാ വശ്യപ്പെട്ട് 10.08.2022, 14.11.2022 എന്നീ തീയതികളിൽ വീണ്ടും കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. ഇത്തരത്തിൽ, കേന്ദ്രവിഹിതം ലഭിക്കുന്നതിനായി ഊർജ്ജിതമായ ശ്രമം സംസ്ഥാന സർക്കാർ നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത തുക നഷ്ടമാകുന്നതിന് കാരണമായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സർവ്വകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്ക് 7-ാം കേന്ദ്ര ശമ്പള കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് 01-01-2016 മുതൽ 31-03-2019 വരെയുള്ള കാലയളവിലേക്ക് ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ചെലവിന്റെ 50% തുക വിവിധ വ്യവസ്ഥകൾക്ക് വിധേയമായി റീഇംബേഴ്സ് ചെയ്യുന്ന |

പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. യു.ജി.സി റെഗുലേഷനുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടെ ഒരു composite scheme ആയി ശമ്പളപരിഷ്കരണം നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

പരിഷ്കരിച്ച ശമ്പളം വിതരണം നടത്തിയതു സംബന്ധിച്ച രേഖകളും, സർവ്വകലാശാലകളും കോളേജുകളും കേന്ദ്ര സർക്കാർ, യു.ജി.സി എന്നിവരുടെ പദ്ധതി പ്രകാരമുള്ള ഭേദഗതികൾ തങ്ങളുടെ സ്റ്റാറ്റ്യൂട്ടുകളിലും ചട്ടങ്ങളിലും വരുത്തിയത് സംബന്ധിച്ച രേഖകളും കേന്ദ്ര സർക്കാരിനും യു.ജി.സി ക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

29-06-2019 ലെ GO(P) No. 18/2019/HEdn, 29-09-2019 ലെ G.O (P)No. 28/2019/HEdn, 28-05-2020 ലെ GO(P) No. 18/2020/HEdn എന്നീ ഉത്തരവുകൾ പ്രകാരം അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണവും 2018 ലെ യു.ജി.സി റെഗുലേഷനും സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായി.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിനായി 04-04-2019, 16-06-2020, 05-03-2022 എന്നീ തീയതികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കേന്ദ്ര സർക്കാരിന് പ്രൊപ്പോസലുകൾ അയക്കുകയുണ്ടായി. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ 21-03-2022 ൽ 50% തുക റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായി 750.93 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. തുടർന്ന് 27/04/2022 ന് ഓർമ്മക്കുറിപ്പും നൽകുകയുണ്ടായി.

കൂടാതെ ധനകാര്യ വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് മന്ത്രിയും വിവിധ ഘട്ടങ്ങളിൽ ഇക്കാര്യത്തിൽ ധന സഹായത്തിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു.

എന്നാൽ മിക്ക സംസ്ഥാന സർക്കാരുകളും സമർപ്പിച്ച പ്രൊപ്പോസലുകൾ കേന്ദ്ര പദ്ധതി നിർദ്ദേശിക്കുന്ന പ്രകാരം പൂർണ്ണമായതോ കൃത്യമായതോ അല്ലെന്നും ആയതിനാൽ കേന്ദ്ര വിഹിതം റീഇംബേഴ്സ് ചെയ്യാനാവില്ലെന്നും പ്രൊപ്പോസലുകൾ സമർപ്പിക്കാനുള്ള ദീർഘിപ്പിച്ച തീയതി 31.03.2022 ൽ കഴിഞ്ഞതായും അതിനു ശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും ടി പദ്ധതി 01.04.2022 മുതൽ നിർത്തലാക്കിയതായും 27/07/2022 ലെ കത്ത്

| | | | |
|---|---|---|---|
| | | | പ്രകാരം പൊതുവായി കേരളം ഉൾപ്പെടെ 22സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. കേരളത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കാതിരുന്നതിന് പ്രത്യേകമായ കാരണങ്ങളൊന്നും പ്രസ്തുത കത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായില്ല.<br><br>തുടർന്ന് കേരളത്തിന്റെ പ്രൊപ്പോസലുകൾ പരിഗണിക്കണമെന്നാ വശ്യപ്പെട്ട് 10.08.2022, 14.11.2022 എന്നീ തീയതികളിൽ വീണ്ടും കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. ഇത്തരത്തിൽ, കേന്ദ്രവിഹിതം ലഭിക്കുന്നതിനായി ഊർജ്ജിതമായ ശ്രമം സംസ്ഥാന സർക്കാർ നടത്തി വരുന്നുണ്ട്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോളേജുകളിൽ നിന്ന് യഥാസമയം വിവരങ്ങൾ ൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; ആയത് ക്രോഡീകരിക്കുന്നതിൽ ആർക്കൊക്കെ വീഴ്ച സംഭവിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സർവ്വകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്ക് 7-ാം കേന്ദ്ര ശമ്പള കമ്മീഷന്റെ ശിപാർശകൾ പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് 01-01-2016 മുതൽ 31-03-2019 വരെയുള്ള കാലയളവിലേക്ക് ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ചെലവിന്റെ 50% തുക വിവിധ വ്യവസ്ഥകൾക്ക് വിധേയമായി റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. യു.ജി.സി റെഗുലേഷനുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടെ ഒരു composite scheme ആയി ശമ്പളപരിഷ്കരണം നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.<br><br>പരിഷ്കരിച്ച ശമ്പളം വിതരണം നടത്തിയതു സംബന്ധിച്ച രേഖകളും, സർവ്വകലാശാലകളും കോളേജുകളും കേന്ദ്ര സർക്കാർ, യു.ജി.സി എന്നിവരുടെ പദ്ധതി പ്രകാരമുള്ള ഭേദഗതികൾ തങ്ങളുടെ സ്റ്റാറ്റ്യൂട്ടുകളിലും ചട്ടങ്ങളിലും വരുത്തിയത് സംബന്ധിച്ച രേഖകളും കേന്ദ്ര സർക്കാരിനും യു.ജി.സി ക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.<br><br>29-06-2019 ലെ GO(P) No. 18/2019/HEdn, 29-09-2019 ലെ G.O (P)No. 28/2019/HEdn, 28-05-2020 ലെ GO(P) No. 18/2020/HEdn എന്നീ ഉത്തരവുകൾ പ്രകാരം അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണവും 2018 ലെ യു.ജി.സി റെഗുലേഷനും സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായി.<br><br>കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിനായി 04-04-2019, 16-06-2020, 05- |

| | | | |
|---|---|---|---|
| | | | 03-2022 എന്നീ തീയതികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കേന്ദ്ര സർക്കാരിന് പ്രൊപ്പോസലുകൾ അയക്കുകയുണ്ടായി. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ 21-03-2022 ൽ 50% തുക റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായി 750.93 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. തുടർന്ന് 27/04/2022 ന് ഓർമ്മക്കുറിപ്പും നൽകുകയുണ്ടായി.<br><br>കൂടാതെ ധനകാര്യ വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് മന്ത്രിയും വിവിധ ഘട്ടങ്ങളിൽ ഇക്കാര്യത്തിൽ ധന സഹായത്തിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു.<br><br>എന്നാൽ മിക്ക സംസ്ഥാന സർക്കാരുകളും സമർപ്പിച്ച പ്രൊപ്പോസലുകൾ കേന്ദ്ര പദ്ധതി നിർദ്ദേശിക്കുന്ന പ്രകാരം പൂർണ്ണമായതോ കൃത്യമായതോ അല്ലെന്നും ആയതിനാൽ കേന്ദ്ര വിഹിതം റീഇംബേഴ്സ് ചെയ്യാനാവില്ലെന്നും പ്രൊപ്പോസലുകൾ സമർപ്പിക്കാനുള്ള ദീർഘിപ്പിച്ച തീയതി 31.03.2022 ൽ കഴിഞ്ഞതായും അതിനു ശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും ടി പദ്ധതി 01.04.2022 മുതൽ നിർത്തലാക്കിയതായും 27/07/2022 ലെ കത്ത് പ്രകാരം പൊതുവായി കേരളം ഉൾപ്പെടെ 22സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. കേരളത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കാതിരുന്നതിന് പ്രത്യേകമായ കാരണങ്ങളൊന്നും പ്രസ്തുത കത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായില്ല.<br><br>തുടർന്ന് കേരളത്തിന്റെ പ്രൊപ്പോസലുകൾ പരിഗണിക്കണമെന്നാ വശ്യപ്പെട്ട് 10.08.2022, 14.11.2022 എന്നീ തീയതികളിൽ വീണ്ടും കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. ഇത്തരത്തിൽ, കേന്ദ്രവിഹിതം ലഭിക്കുന്നതിനായി ഊർജ്ജിതമായ ശ്രമം സംസ്ഥാന സർക്കാർ നടത്തി വരുന്നുണ്ട്. |
| (ഡി) | യഥാസമയം കിട്ടേണ്ടിയിരുന്ന കേന്ദ്ര വിഹിതം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുവാനുള്ള നീക്കം സർക്കാർ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | (ഡി) | അരിയർ പി.എഫ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് 28/05/2020 ലെ ജി.ഒ (പി) നം. 18/2020/ഉ.വി.വ പ്രകാരം സർക്കാർ ഉത്തരവായി. |

സെക്ഷൻ ഓഫീസർ